ശാസ്ത്രത്തിൻെറ പുരോഗതി

1. ശാസ്ത്രസൗധം

ഗ്ര ക—എസ്. പരമേശ്വരൻ. പ്രസാ: സാഹിത്യപരിഷത്സഹകരണസംഘം വില: 1 ക. 50 ന: പ. പേജ് (146.)

2. നിങ്ങളും പാരമ്പര്യവും

ഗ്ര: ക.—സി. എച്ച്. രാമചന്ദ്രൻ. പ്രസാ: മംഗളോദയം, വില 75 ന: പ. (പേജ്. 62.)

3. മനുഷ്യനിർമ്മിതമായ ചന്ദ്രൻ

ഗ്ര: ക:—വി. ടി. ഭാസ്കരപ്പണിക്കർ പ്രസാ: പ്രഭാതം പ്രിൻറിംഗ് & പബ്ളിഷിംഗ് കമ്പനി വില 25 ന: പ. പേജ് (24.)

4. പത്തു ഭരണഘടനകൾ

ഗ്ര: ക.— പി. സി. മണി. പ്രസാ: പി. കെ. ബ്രദേഴ്സ്, വില 14 ണ.

★

നരേന്ദ്രനാഥ്

ആധുനികശാസ്ത്രത്തിൻെറ അത്ഭുതകരങ്ങളായ നേട്ടങ്ങളെക്കുറിച്ച് ഉള്ള വാർത്തകൾ വർത്തമാനപ്പത്രങ്ങളിൽ സ്ഥലം പിടിക്കാത്ത ദിവസങ്ങൾ ഇന്നു കുറവാണ്. ശാസ്ത്രത്തിൻെറ ഓരോ വിഭാഗങ്ങളിൽ നടക്കുന്ന ഗവേഷണശ്രമങ്ങളുടേതോളം അവയുടെ ഫലമായി സിദ്ധിക്കുന്ന പുതിയ വിവരങ്ങളും വളരെ ശ്രദ്ധയോടെ പഠിച്ചുകൊണ്ടിരിക്കുന്ന ഒരാളിനുപോലും ശാസ്ത്രത്തിൻെറ പുരോഗതിക്കൊപ്പം നില്ക്കുവാൻ സാധിക്കുന്നതിന് വളരെ ശ്രമം വേണ്ടിവരും. നമ്മുടെ ജീവിതത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഈ വിജ്ഞാനശാഖയെ അവഗണിക്കുന്നതു് അപകടകരവുമാണ്. ശാസ്ത്രീയകാര്യങ്ങൾ പഠിക്കുവാൻ വൈമുഖ്യം കാണിക്കുകയെന്നുവച്ചാൽ ജീവിതത്തെ ശരിയായവിധം സമീപിക്കുവാനുള്ള സാഹചര്യത്തെ നിരാകരിക്കുകയെന്നാണർത്ഥം. എല്ലാ ശാസ്ത്രവിഭാഗങ്ങളെപ്പററിയും സാമാന്യമായ അറിവ് സമ്പാദിക്കുവാൻ ശ്രദ്ധിക്കാത്ത ഒരാളിനെ ജീവിതത്തിൽ വളരെ നഷ്ടപ്പെട്ടിട്ടുള്ള ഒരാളായി കണക്കാക്കിയാൽ മതി. എല്ലാ ഭാഷകളിലും ലളിത

ജീവികൾ—സമരപ്രമുഖന്മാർ, വിമോചനസേനയുടെ മുന്നേററം, ജപ്പാൻെറ ആക്രമണംകൊണ്ടുണ്ടായ കെടുതികൾ, ചിയാങ്ങിൻെറ അധികാരഭ്രംശവും പലായനവും, ജനകീയ റിപ്പബ്ളിക്കിൻെറ സ്ഥാപനം, ചൈനയുടെ നവോത്ഥാനം—ഒരു ദുരന്തനാടകത്തിൻെറ ഭരതവാക്യവും ഒരു ശുഭാന്തനാടകത്തിൻെറ നാന്ദിയും,—ഇവയെല്ലാം ഒരു ചരിത്രകാരൻെറസത്യനിഷ്ഠയോടും നിഷ്പക്ഷതയോടും ഇതിൽ ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു.

കൊറിയൻ യുദ്ധവും അതിൽ ചൈന കൈയ്ക്കൊണ്ട നടപടികളും അതു പടർന്നു പിടിക്കാതെ രാജിയാകുന്നതിൽ ഇന്ത്യയുടെ സ്ഥാനപതി എന്ന നിലയിൽ താൻ വഹിച്ച പങ്കും മി. പണിക്കർ ഇതിൽ പരാമർശിച്ചിട്ടുണ്ട്.

പെക്കിങ്ങ്, നാങ്കിങ്ങ് ഇവിടങ്ങളിലെ ഉദ്യാനങ്ങൾ, ക്രീഡാതടാകങ്ങൾ, രമ്യഹർമ്യങ്ങൾ, ലാേഞ്ചാവിലെ ഹിമാവൃതങ്ങളായ പർവ്വതശിഖരങ്ങൾ, ഗോബിമരുഭൂമി, മാവോസേതു

മായി ശാസ്ത്രതത്വങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഇന്നുണ്ടാകുന്നുണ്ട്. അതിനാൽ സാധാരണക്കാർക്ക് ആധുനികവിജ്ഞാനസമ്പാദനത്തിനുള്ള സാദ്ധ്യതയുമുണ്ട്. ഇങ്ങനെയുള്ള ശാസ്ത്രഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം പഴയ കെട്ടിടത്തിനു പുതുതായി വയ്ക്കുന്ന കൊച്ചു ജനാലകളായി കരുതുന്നതു നന്നായിരിക്കും. എന്നാൽ ജനാല വച്ചതുകൊണ്ടായില്ലല്ലോ. ശരിയായിട്ട് അതു തുറന്നിടണം. നല്ല കാററും വെളിച്ചവും അകത്തേയ്ക്കു് അടിച്ചുകയറി അവിടെ സുഖസുന്ദരമായ അന്തരീക്ഷമുണ്ടാകണം. ജനാല ഉണ്ടായിട്ടും അതു തുറന്നിടുവാൻ മടിക്കുന്നവർക്കൊപ്പമാണ് നല്ല പുസ്തകങ്ങളുണ്ടായിരുന്നിട്ടും അതു പ്രയോജനപ്പെടുത്താത്തവർ.

ശ്രീ. എസ്. പരമേശ്വരന്റെ "ശാസ്ത്രസൗധം" പ്രധാനമായി ശാസ്ത്രവിഷയങ്ങളെ സംബന്ധിച്ചുള്ള ലേഖനങ്ങളുടെ ഒരു സമാഹാരമാണ്. ശാസ്ത്രത്തിന്റെ പ്രാരംഭം ഗണിതശാസ്ത്രത്തിന്റെ പ്രത്യേകത, ത്രിമാന ചലച്ചിത്രങ്ങൾ, പരമാണുവിൽ നിന്നുള്ള ശക്തി, ശാസ്ത്രപുരോഗതി, മൂലകണങ്ങൾ, ഇടിയും മിന്നലും എന്നീ വിഷയങ്ങളെപ്പററിയുള്ളവ തികച്ചും ശാസ്ത്രീയമായ കാര്യങ്ങൾ തന്നെ. അവ സാധാരണക്കാരന് യാതൊരു വിഷമവും കൂടാതെ വായിച്ചുമനസ്സിലാക്കാവുന്ന രീതിയിൽ കൈകാര്യം ചെയ്തിട്ടുമുണ്ട്. അടുത്തകാലത്തു് ഈ പ്രത്യേക ശാഖകളിൽ സംഭവിച്ചിട്ടുള്ള പരിവർത്തനങ്ങളുടെ ഏകദേശരൂപം ധരിക്കുന്നതിനു മാത്രമല്ല അതേ സംബന്ധിച്ചു് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുന്നതു് നന്നായിരിക്കുമെന്നു തീരുമാനിക്കുന്നതിനുകൂടി പ്രേരണ നൽകും ഈ ലേഖനങ്ങൾ. ലോകം എങ്ങോട്ട്, സാങ്കേതികവിദ്യാഭ്യാസം, ഗലിലിയോഗലിലി, വ്യവസായവും ശാസ്ത്രഗവേഷണവും തുടങ്ങിയ വിഷയങ്ങളെപ്പററി ചേർത്തിട്ടുള്ള ഉപന്യാസങ്ങൾ പറയത്തക്ക പ്രത്യേകതകളൊന്നുമുള്ളവയല്ല. അവ ആഴ്ചപ്പതിപ്പുകളിലൊ മാസികകളിലോ വിശേഷാൽപ്രതികളിലോ സ്ഥാനം ലഭിച്ചിട്ടുള്ളതായതുകൊണ്ടു് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ട യോഗ്യതയുണ്ടെന്നു കരുതുന്നതു് അത്ര ശരിയാണെന്നു തോന്നുന്നില്ല. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് ഉൾപ്പെടുത്തേണ്ട പ്രബന്ധങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ലേഖകൻ തന്നെ അവയെ ഒഴിച്ചുനിർത്തുന്നതിന് ശ്രമിക്കുന്നതാണ് നല്ലതു്. സ്വന്തം കുഞ്ഞുങ്ങളെ തമ്മിൽ തരംതിരിച്ചു നിർത്തുന്നാ

ങ്ങിന്റെ രാഷ്ട്രീയ പരീക്ഷണശാലയായിരുന്ന യെനാൻ ഗുഹാനഗരം, തുങ്ഹ്വാങ്ങിലെ മലർമരങ്ങൾചൂടിയ മാമലകൾ, 'അജന്തായെപ്പോലെ ചുമർ ചിത്രങ്ങൾകൊണ്ടലംകൃതമായ അവിടത്തെ ഗുഹകൾ, മററു ഭൂഭാഗഭംഗികൾ ഇവയെപ്പററിയുള്ള സഞ്ചാരവിവരണങ്ങൾ, ഒരു പ്രകൃതിസൗന്ദര്യാസ്വാദകന്റെലഘുകവിതകൾപോലെ ഹൃദയാവർജ്ജകമായിട്ടുണ്ട്.

ചുരുക്കത്തിൽ ഒരു രാജ്യകാര്യധുരന്ധരനും പയററിപ്പഴകിയ ഒരു നയതന്ത്രജ്ഞനും, ഒരു മഹാപണ്ഡിതനും, ഭാവനാസമ്പന്നനായ ഒരു കലാകാരനും ഈ ഗ്രന്ഥത്തിൽ ഹൃദ്യമായി സമ്മേളിച്ചിരിക്കുന്നു. ചൈനയിലെ ഏതൽകാലഘട്ടചരിത്രത്തിൽ ഇത്രത്തോളം വെളിച്ചം വീശുന്ന ഗ്രന്ഥങ്ങൾ വിരളമായിരിക്കും.

ഇംഗ്ലീഷിൽ എഴുതപ്പെട്ട മൂലകൃതിയുടെ ഓജസ്സും ലാളിത്യവും വിവർത്തനത്തിനില്ലെന്നു പറയുന്നതുകൊണ്ടു് അതൊരു പരാജയമാണെന്നർത്ഥമില്ല. അല്പംകൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ അച്ചടിപ്പിഴയുൾപ്പെടെയുള്ള ചില വൈകല്യങ്ങൾ ഒഴിവാക്കാമായിരുന്നു. ഇംഗ്ലീഷ്‌വശമില്ലാത്ത മലയാളികൾക്ക്, 1948 മുതൽ 1954 വരെയുള്ള ചീനയുടെ ചരിത്രത്തിലെ അതിപ്രധാനസംഭവങ്ങൾ അധികൃതമായി അറിയുന്നതിനു ഇതിനേക്കാൾ മെച്ചമായ മറെറാരു ഗ്രന്ഥമില്ലതന്നെ.

തിന്നു് ഒരു പിതാവിനു നേരിടേണ്ടിവരുന്ന ബുദ്ധിമുട്ട് അനുഭവപ്പെട്ടേക്കാമെങ്കിലും, അതുകൊണ്ടു് പിതാവിനും പിൻമുറക്കാക്കും പ്രയോജനമേ ഉണ്ടാകുകയുള്ളു എന്നു തീർച്ചയാണു്. ഞാൻ ആദ്യം പ്രസ്താവിച്ച ഏഴ ലേഖനങ്ങൾ മാത്രം ചേർത്തതായിരുന്നു ഈ പുസ്തകമെങ്കിൽ വായനക്കാരൻെറ ശ്രദ്ധ ഗൗരവമുള്ള കാര്യങ്ങളെക്കുറിച്ചു് ഗൗരവപൂർവം പ്രതിപാദിച്ചിട്ടുള്ള ഉപന്യാസങ്ങളിലായി കേന്ദ്രീകരിക്കുമായിരുന്നു. ലേഖനങ്ങൾക്കു് പൊതുവേ വിദൂരമായ പരസ്പരബന്ധവും കാണുവാൻ കഴിയുമായിരുന്നു. അതുമൂലം ഒരു ലേഖനസമാഹാരത്തേക്കാൾ ഉയന്ന പടിയിൽ ശാസ്ത്രസൗധത്തിനു് നിൽക്കുകയും ചെയ്യാമായിരുന്നെന്നു തീർച്ച.

ഇത്രയും പറഞ്ഞതുകൊണ്ടു് "ശാസ്ത്രസൗധം" പ്രയോജനരഹിതമാണെന്നു ധരിക്കരുതു്. ഈ നല്ല കൃതി കുറെക്കൂടി മെച്ചപ്പെടുത്തുവാൻ സാധിക്കുമായിരുന്നു എന്നുമാത്രമാണു് എൻെറ വിശ്വാസം.

★

പാരമ്പര്യശാസ്ത്രം വളരെ പഴക്കമുള്ള ഒരു ശാസ്ത്രവിഭാഗമല്ല. അതിൻെറ പ്രാധാന്യം അംഗീകൃതമായിട്ടു് അധികംവർഷങ്ങൾ ആയിട്ടുമില്ല. ഇന്നു് അതിനു കല്പിച്ചിട്ടുള്ള സ്ഥാനം അസൂയാവഹമാണു്. ഈ പരിതസ്ഥിതിയിൽപാരമ്പര്യശാസ്ത്രത്തിൻെറ അടിസ്ഥാനസിദ്ധാന്തങ്ങളെപ്പററി ലളിതമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടാകുന്നതു് സ്വാഗതാർഹമാണു്. വളരെ സന്തോഷത്തോടുകൂടിയാണു് ശ്രീ. രാമചന്ദ്രൻെറ "നിങ്ങളും പാരമ്പര്യവും"എന്ന ഈ കൊച്ചുപുസ്തകം ഞാൻ വായിച്ചതു്. ആരെയും കൗതുകപൂർവം വായിച്ചുപോകുന്നതിനു് സഹായിക്കുന്നവിധത്തിലാണു് ഇതു എഴുതിയിരിക്കുന്നതു്. പാരമ്പര്യശാസ്ത്രത്തിൻെറ പ്രധാനപ്പെട്ട പ്രമാണങ്ങൾക്കു് വലിയ ഇടിവും ചതവും സംഭവിക്കാതെ ഇതിൽ വിശദീകരിച്ചിട്ടുണ്ടു്. വിഷമംപിടിച്ച ഈ പരിശ്രമത്തിൽ നേടിയിട്ടുള്ള സ്തുത്യർഹമായ വിജയത്തിൽ ഗ്രന്ഥകാരനു് അഭിമാനിക്കാം. എനിക്കു് ഒരു സംഗതി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കണമെന്നു് ആഗ്രഹമുണ്ടു്. ഇത്തരം ഗ്രന്ഥങ്ങൾ തയ്യാറാക്കുമ്പോൾ നമ്മുടെ സർവകലാശാലയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇംഗ്ലീഷ് സാങ്കേതികവാക്കുകളുടെ തർജ്ജിമകൾ സ്വീകരിക്കുന്നതു ഭാഷയിലെ ഇത്തരം ശ്രമങ്ങളിൽ ഒരു ഐകരൂപ്യം വരുത്തുവാൻ സഹായകമാകും. ശ്രീ. രാമചന്ദ്രനെപ്പോലെ കഴിവുള്ള എഴുത്തുകാർ അതു് ശ്രദ്ധിക്കുന്നതു് നന്നായിരിക്കുകയില്ലേ?

★

മനുഷ്യൻ ഒരു നൂതനയുഗം ഉൽഘാടനം ചെയ്തുകഴിഞ്ഞിരിക്കുന്ന കാലമാണിതു്. അതായതു് ഇതരഗോളങ്ങളിലേക്കു സഞ്ചരിക്കുവാനുള്ള സാദ്ധ്യതകൾ വിജയപൂർവ്വം നേടിയിട്ടുള്ള യുഗം. മനുഷ്യനിർമ്മിതമായ ചന്ദ്രനെ സംബന്ധിച്ചു് ചില വിവരങ്ങൾ അറിയുന്നതിനു ഏതൊരാളും ഇപ്പോൾ താല്പര്യം കാണിക്കും. അവരെ സമ്പൂർണ്ണമായി തൃപ്തിപ്പെടുത്തിയില്ലെങ്കിലും അവക്കു ചില രസകരങ്ങളായ കാര്യങ്ങൾ നൽകുവാൻ കഴിവുള്ള ഒരു കൊച്ചുപുസ്തകമാണു് ശ്രീ. ഭാസ്കരപ്പണിക്കരുടെ "മനുഷ്യനിർമ്മിതമായ ചന്ദ്രൻ." മനുഷ്യനിർമ്മിതമായ ഉപഗ്രഹങ്ങളെ സംബന്ധിച്ചു അറിവു നൽകുന്ന പല പ്രസിദ്ധീകരണങ്ങളും ഇംഗ്ലീഷിൽ ഉണ്ടു്. അവയൊക്കെ കണ്ടുപിടിച്ചു വായിക്കുന്നതിനു് വായനക്കാരൻെറ ജിജ്ഞാസ വളർത്തുവാൻ ഈ കൊച്ചുപുസ്തകം സഹായിക്കുമെന്നു തോന്നുന്നു.

★

ഇന്ത്യ, ഗ്രേറബ്രിട്ടൺ, അമേരിക്കൻ ഐക്യനാടുകൾ, റഷ്യ ചൈന, ഫ്രാൻസ്, സ്വിററ്സർലൻഡ്, ജപ്പാൻ, ആസ്ത്രേലിയ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിലെ ഭരണഘടനകളുടെ ഏകദേശരൂപം നൽകുന്നതിനുള്ള ഒരു ശ്രമമാണു് "പത്തു ഭരണഘടന"കളിൽ നടത്തിയിരിക്കുന്നതു്. ഈ വിധത്തിലുള്ള ഒന്നു രണ്ടു പുസ്തകങ്ങൾ മലയാളത്തിൽ മററു

ചിലർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മററു രാജ്യങ്ങളെപ്പററി മനസ്സിലാക്കുന്നതിന് ആദ്യമായിട്ടുള്ള പടി അതതു രാജ്യങ്ങളിലെ ഭരണരീതിയെക്കുറിച്ചു പഠിക്കുകയെന്നതുതന്നെ. സ്വാതന്ത്ര്യം സമ്പാദിച്ചശേഷം ഭാരതത്തിന് സ്വതന്ത്രമായ വിദേശനയവും രൂപീകരിക്കേണ്ടതു് ഒരാവശ്യമായിത്തീർന്നിട്ടുണ്ട്. ഭരണഘടനയുടെ വിവിധ ഘടകങ്ങളെ വിശകലനം ചെയ്തു് വിശദമായി വ്യാഖ്യാനിക്കുന്ന ഗ്രന്ഥങ്ങൾ വായിച്ചു് ഓരോരോ നാട്ടുകളിലെ ഭരണനിയമങ്ങൾ മനസിലാക്കുന്നതിന് വളരെയേറെ സമയവും ക്ഷമയും വിജ്ഞാനസമ്പാദനതൃഷ്ണയും വേണ്ടിയിരിക്കുന്നു. അവയൊക്കെ പരിമിതമായി മാത്രം ലഭിക്കുന്നവരെ ഉദ്ദേശിച്ചു് ചില ഗ്രന്ഥങ്ങൾ ഉണ്ടാകുന്നതു് നല്ലതാണ്. അത്തരത്തിലുള്ള ഒന്നാണ് "പത്തു ഭരണഘടനകൾ"—എന്ന ഈ പുസ്തകം.

ഇംഗ്ലണ്ടു്, യു. എസ്. എ., റഷ്യ, ചൈന. എന്നീ നാട്ടുകളിലെ ഭരണഘടനകളെക്കുറിച്ചു ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ മോശമായിട്ടില്ല. സാധാരണക്കാർക്ക് മനസിലാക്കാൻ വിഷമമില്ലാത്തവിധം അതു് എഴുതിയിട്ടുണ്ട്. ഏററവും മോശമായിട്ടുള്ളതു് നമ്മുടെ ഭരണഘടനയെ സംബന്ധിച്ചുള്ളതാണ് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. പല കാര്യങ്ങളിലെന്നപോലെ നമ്മേപ്പററിയുള്ള നമ്മുടെ അറിവു് ദയനീയമെന്നേ പറയാനുള്ളു. ഇതുപോലെയുള്ള പുസ്തകങ്ങളിൽ ഏററവും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതു് നമ്മുടെ കാര്യങ്ങളായിരിക്കണം. മററു ഭരണഘടനകളെ സംബന്ധിച്ചടത്തോളം വിജയം നേടിയ ഗ്രന്ഥകാരന് ഇതു സാധിക്കാതെ പോയതെന്തുകൊണ്ടെന്ന് അറിവില്ല. നമ്മുടെ ഭരണഘടനയുടെ ആവിർഭാവചരിത്രം സൂചിപ്പിക്കുന്നിടത്തു് ഗ്രന്ഥകാരൻ പറയുന്നു—("ലീഗുകാരും കാൺഗ്രസുകാരും തമ്മിൽ സഹകരണമില്ലാത്തതിനാൽ കൂട്ടമന്ത്രിസഭ ശരിക്കും പ്രവർത്തിക്കുന്നില്ലെന്നുകണ്ടു് ബ്രിട്ടീഷ് ഗവൺമെൻറ് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൊടുക്കുവാൻ തീർച്ചയാക്കി." (പേജ് 2.) ഭരണഘടനാ നിർമ്മാണസമിതിയെപ്പററി പറഞ്ഞിട്ടുള്ളതിലും പല പിശകുകളും കടന്നുകൂടിയിട്ടുണ്ട്. "ഇന്ത്യയിൽ എ. ബി. സി. ഡി. എന്നിങ്ങനെ നാലു വിഭാഗങ്ങളായി ഇരുപത്തിയൊൻപതു സംസ്ഥാനങ്ങളുണ്ട്." (പേ. 4) "മന്ത്രിമാർക്കു പാർലിമെൻറിലെ ഇരുസഭകളിലേയും സമ്മേളനത്തിൽ മെമ്പറന്മാരെപ്പോലെ പങ്കെടുക്കാം. എന്നാൽ അവർക്ക് വോട്ടവകാശമില്ല" (പേ. 5.) "സംസ്ഥാന അസംബ്ളിയിൽ നൂറു മെമ്പറന്മാരിൽ അധികവും അറുപതു മെമ്പറന്മാരിൽ കുറവും പാടില്ല." (പേ. 11. ഇങ്ങനെയുള്ള തെററുകൾ എത്രവേണമെങ്കിൽ പറയാനുണ്ട്. 1957-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ പുസ്തകത്തിൽ സംസ്ഥാനപുനഃസംഘടനയെത്തുടർന്നുണ്ടായിട്ടുള്ള പരിവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു കാണുന്നതു് ഖേദകരമാണ്. ചരിത്രത്തിന്റെ ഏടുകളിൽ മാത്രം സ്ഥാനം ഉള്ള കാര്യങ്ങൾ ഇന്നും നിലവിലിരിക്കുകയാണെന്ന് പറയുന്നതു് തെററിദ്ധാരണയുണ്ടാക്കുവാൻ ഇട നൽകിയേക്കും. കാരണം ഇത്തരം പുസ്തകങ്ങൾ വായിക്കുന്നതു് മററു ഗ്രന്ഥങ്ങളുമായി അധികം പരിചയം നേടാത്തവരായിരിക്കുമല്ലൊ.

നമ്മുടെ ഭരണഘടനയെപ്പററി എഴുതിയിട്ടുള്ളതിൽ കടന്നുകൂടിയിട്ടുള്ള പിശകുകൾ അടുത്തപതിപ്പിൽ തിരുത്തുമെന്നു വിശ്വസിക്കാം. വിദ്യാർത്ഥികൾക്കു് പ്രയോജനപ്രദമായിത്തീരണമെന്ന സദുദ്ദേശത്തോടു കൂടി പ്രസിദ്ധപ്പെടുത്തുന്ന ലഘുഗ്രന്ഥങ്ങളിൽ തെററുകൾ പ്രത്യേകിച്ചു് നമ്മുടെ കാര്യങ്ങളെക്കുറിച്ചു്—കടന്നുകൂടാതിരിക്കുവാൻ സൂക്ഷിക്കേണ്ടതു് അത്യാവശ്യമാണ്.